"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ്- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (NLM) - ജനറൽ ഘടകം - Import of Germplasm for Pig ഘടകത്തിലെ തുക Livestock Insurance' പദ്ധതിക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മൃഗസംരക്ഷണ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.188/2026/AHD തീയതി,തിരുവനന്തപുരം, 24-03-2026

---

പരാമർശം:-

1) R-99011(11)/7/2025-NLM-DADF(E-34880) Dated 18.07.2025 കേന്ദ്ര സർക്കാർ കത്ത്

2). R-99011(11)/7/2025-NLM-DADF (E-31880) Dated 19.09.2025 കേന്ദ്ര സർക്കാർ കത്ത്

3.) 10-10-2025-ലെ സ.ഉ.(സാധാ)നം. 611/2025/AHD നമ്പർ സർക്കാർ ഉത്തരവ്

4) 16-11-2025-ലെ സ.ഉ.(സാധാ)നം. 675/2025/AHD നമ്പർ ഉത്തരവ്

5) 07-11-2025 ലെ സ.ഉ.(സാധാ) നം.659/2025/AHD നമ്പർ സർക്കാർ ഉത്തരവ്

6) കേന്ദ്ര സർക്കാരിന്റെ 11/03/2026- R-99011(11)/7/2025-NLM-DADF (E-34880) നമ്പർ കത്ത്

7) മ്യൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 13/03/2026 തീയതിയിലെ AHD/1228/2025-B1 നമ്പർ കത്ത്

**ഉത്തരവ്**

National Livestock Mission (NLM) ജനറൽ ഘടകത്തിൽ "Import of exotic sheep and goat germplasm" എന്ന ഘടകത്തിനായി, ജനറൽ വിഭാഗത്തിൽ, പരമാർശം(1) പ്രകാരം

ആദ്യഗഡുവായി 5.00 ലക്ഷം രൂപ കേന്ദ്രവിഹിതവും, , പരമാർശം(2) പ്രകാരം രണ്ടാം ഗഡുവായി 5.00 ലക്ഷം രൂപ കേന്ദ്രവിഹിതവും അനുവദിച്ചിട്ടുണ്ട്. പരമാർശം(3) , പരമാർശം(4) എന്നിവ പ്രകാരം, 60: 40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന വിഹിതങ്ങളുൾപ്പെടെ 8.33333 ലക്ഷം രൂപ വീതം "Import of exotic sheep and goat germplasm ഘടകത്തിനായി, ജനറൽ വിഭാഗത്തിൽ, റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. പരമാർശം(6) പ്രകാരം, നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (NLM) പദ്ധതിയിൽ ജനറൽ ഘടകത്തിൽ നിന്നും Import of Germplasm for Pig' എന്ന ഘടകത്തിനായി മുൻപ് അനുവദിച്ചിരുന്ന കേന്ദ്ര വിഹിതമായ 10.00 ലക്ഷം രൂപ, പ്രായോഗികമായ തടസ്സങ്ങൾ (Operational Constraints) കാരണം Livestock Insurance Scheme' എന്ന ഘടകത്തിലേയ്ക്ക് പുനർവിനിയോഗം (Re-appropriation) ചെയ്യാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും ഈ ഉത്തരവ് പ്രകാരം പ്രസ്തുത തുക നിലവിലെ സാമ്പത്തിക വർഷം തന്നെ ഇൻഷുറൻസ് പദ്ധതിക്കായി ചെലവഴിക്കേണ്ടതുണ്ടെന്നും പരമാർശം(7) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

പരമാർശം (5) പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ NLM ഇൻഷുറൻസ് പദ്ധതിയ്ക്ക് (60:40 CSS) അനുവദിക്കുന്ന തുക SNA SPARSH അക്കൗണ്ടിൽ നിന്നും യുണൈറ്റഡ് ഇൻഷുറൻസ് കമ്പനിയെ വെൻഡർ ആയി രജിസ്റ്റർ ചെയ്ത് SNA SPARSH മോഡ്യൂൾ മുഖാന്തിരം നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ മാർഗരേഖ അനുസരിച്ച് NLM കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാവുന്നതാണെന്നും അഡ്വാൻസായി ഇൻഷുറൻസ് കമ്പനിയ്ക്ക് തുക അനുവദിയ്ക്കാവുന്നതാണെന്ന് നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെന്നും പരമാർശം (7) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

അതുകൊണ്ട് 2403-00-108-96(02) ബഡ്ജറ്റ് ശീർഷകത്തിൽ ജനറൽ ഘടകത്തിൽ ലഭ്യമായ വിഹിതത്തിൽ നിന്നും, NLM കന്നുകാലി ഇൻഷുറൻസ് പദ്ധതിയിലേയ്ക്ക് പുനർവിനിയോഗത്തിനായി ലഭ്യമായ കേന്ദ്രവിഹിതമായ 10 ലക്ഷം രൂപയും, ആനുപാതിക (60:40) സംസ്ഥാനവിഹിതമായ 6.667 ലക്ഷം രൂപ ചേർത്ത് ആകെ 16.667 ലക്ഷം രൂപ NLM ലൈവ്സ്റ്റോക്ക് ഇൻഷുറൻസിനായി ഫണ്ട് റിലീസ് ഉത്തരവ് നൽകണമെന്ന് പരമാർശം (7) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു

| SL No | Component | State HoA | Central fund released (in lakhs) | State share requested (in lakhs)requested | Total (in lakhs) |
|---|---|---|---|---|---|
| 1 | NLM KL262 (60:40) Livestock Insurance (General Component) - | 2403-00-108-96(02) | 10.00 | 6.667 | 16.667 (പതിനാറ് ലക്ഷത്തി അറുപത്തി ആറായിരത്തി എഴുന്നൂറ് രൂപ മാത്രം) |

കൂടാതെ പദ്ധതി വിഹിതം PFMS വഴി ചെലവഴിക്കുന്നതിനായി, അനുവദിക്കുന്ന തുക നാഷണൽ ലൈവ്സ്റ്റോക്ക് മിഷനായി RBI-യിൽ ആരംഭിച്ചിട്ടുള്ള താഴെ പറയുന്ന SNA അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് കമ്പനിയ്ക്ക് അഡ്വാൻസായി നൽകുന്നതിനുള്ള അനുമതിയും നൽകണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരമാർശം(7) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

A/C Name: GOKLSPARSH NLM 60:40 SNA A/C No. 01585701079 (KL 262)

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2403-00-108-96(02) ശീർഷകത്തിൽ മതിയായ തുക അവശേഷിക്കുന്നതിനാലും, നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (NLM) ജനറൽ ഘടകത്തിലെ Import of Germplasm for Pig ഘടകത്തിലെ തുക Livestock Insurance' പദ്ധതിക്കായി ഉപയോഗിക്കുന്നതിന് കേന്ദ്രം പരമാർശം (6) പ്രകാരം അനുമതി നല്കിയിട്ടുള്ള സാഹചര്യത്തിലും 2403-00-108-96(02) ബഡ്ജറ്റ് ശീർഷകത്തിൽ ജനറൽ ഘടകത്തിൽ ലഭ്യമായ വിഹിതത്തിൽ നിന്നും, NLM കന്നുകാലി ഇൻഷുറൻസ് പദ്ധതിയിലേയ്ക്ക് പുനർവിനിയോഗത്തിനായി ലഭ്യമായ കേന്ദ്രവിഹിതമായ 10 ലക്ഷം രൂപയും, ആയതിന്റെ ആനുപാതിക സംസ്ഥാനവിഹിതമായ 6.667 ലക്ഷം രൂപ ചേർത്ത് ആകെ 16.667 ലക്ഷം രൂപ NLM ലൈവ്സ്റ്റോക്ക് ഇൻഷുറൻസിനായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിൻഹാജ് അലം ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ,മൃഗസംരക്ഷണ വകുപ്പ് , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ (Agri -B) വകുപ്പ് (3456602/Agri-B1/149/2026-FIN dated 24/03/2026)

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( G1/184/2025-AH-Part(1)

ഉത്തരവിൻ പ്രകാരം

Signed by
Resmi R S
Date: 24-03-2026 15:40:12
സെക്ഷൻ ഓഫീസർ

പകർപ്പ്. -ബഹു: മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ മന്ത്രിയുടെ പി.എസ് -ന്

മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എയ്ക്ക്

മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്